## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4150 | 03.02.2014-ൽ മറുപടിയ്ക്ക്

## പിയോഗ്ലിറ്റോസോൺ അടങ്ങിയ പ്രമേഹമരുന്നുകൾ

**ചോദ്യം**

ശ്രീ. എ. കെ. ശശീന്ദ്രൻ
ശ്രീ തോമസ് ചാണ്ടി

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ഗുരുതരമായ പാർശ്വഫലങ്ങൾ ഉണ്ടാക്കുന്ന പിയോഗ്ലിറ്റോസോൺ അടങ്ങിയ പ്രമേഹമരുന്നുകൾ ഇപ്പോൾ വീണ്ടും വിപണിയിൽ ഇറക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | പിയോഗ്ലിറ്റോസോൺ അടങ്ങിയ പ്രമേഹ മരുന്നുകൾ ഇപ്പോൾ വിപണിയിൽ ഇറക്കിയിട്ടുണ്ട് 31/07/2013 ലെ കേന്ദ്ര സർക്കാരിന്റെ GSR 520 (E)ഗസറ്റ് വിജ്ഞാപനം അനുസരിച്ചാണ് നിരോധനം പിൻവലിച്ച് പ്രസ്തുത മരുന്ന് വിപണിയിൽ ഇറക്കിയിട്ടുള്ളത്. |
| (ബി) പിയോഗ്ലിറ്റോസോൺ അടങ്ങിയ പ്രമേഹമരുന്നുകൾ കേന്ദ്ര സർക്കാർ നിരോധിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; | മനുഷ്യ ജീവന് ഹാനികരമായേക്കാവുന്നതാണെന്ന ഡ്രഗ്സ് ടെക്നിക്കൽ അഡ്വൈസറി ബോർഡിന്റെ ശുപാർശയെത്തുടർന്നാണ് പിയോഗ്ലിറ്റോസോൺ അടങ്ങിയ പ്രമേഹമരുന്നുകൾ കേന്ദ്ര സർക്കാർ നിരോധിച്ചത്. |
| (സി) കേന്ദ്രസർക്കാർ നിരോധിക്കുകയും പിന്നീട് നിരോധനം പിൻവലിച്ച് മരുന്ന് വിപണിയിൽ ഇറക്കുകയും ചെയ്തതിനാൽ ജനങ്ങൾക്കുണ്ടായ ആശങ്ക മാറ്റുവാനുള്ള എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | 31/07/2013 ലെ ഗസറ്റ് വിജ്ഞാപനം അനുസരിച്ച് ചില നിബന്ധനകൾക്ക് വിധേയമായാണ് നിരോധനം പിൻവലിച്ച മരുന്ന് വിപണിയിലിറക്കിയത്. ഡ്രഗ് ടെക്നിക്കൽ അഡ്വൈസർ ബോർഡിന്റെ 19/07/2013-ൽ കൂടിയ വിദഗ്ധ കമ്മിറ്റി പിയോഗ്ലിറ്റോസോൺ അടങ്ങിയ മരുന്നിന്റെ ലേബലിലും മരുന്ന് ഉള്ളടക്കം ചെയ്ത പാക്കറ്റിലും ചില നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധനകൾ ഈ മരുന്നിന്റെ നിർമ്മാതാക്കളും ചികിത്സകരും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി പ്രത്യേക പരിശോധന നടത്താൻ നിർദ്ദേശം നല്കിയിട്ടുണ്ട്. ദീർഘകാലത്തേയ്ക്ക് ഈ മരുന്ന് ഉപയോഗിക്കുന്നവരെ പ്രത്യേകം ശ്രദ്ധിക്കുവാൻ പ്രമേഹ രോഗവിദഗ്ദരോടും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.